പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2902

10/03/2017 ൽ
മറുപടിയ്ക്ക്

## കശുവണ്ടി സംസ്കരണമേഖല

ചോദ്യം
ശ്രീ.യു.ആർ.പ്രദീപ്

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കശുവണ്ടി സംസ്കരണ മേഖലയിൽ എത്ര തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട് ; | (എ) | നിലവിലുള്ള കണക്ക് പ്രകാരം ഏകദേശം 2,52,000 തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട് |
| (ബി) | ഇത്രയും പേർക്ക് തൊഴിൽ ലഭിക്കുന്നതിനായി എത്ര ടൺ കശുവണ്ടിയാണ് വർഷത്തിൽ ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | വർഷത്തിൽ 6 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ആവശ്യമായി വരും. |
| (സി) | ആഭ്യന്തര ഉല്പാദനം വർഷത്തിൽ എത്ര ടണ്ണാണ് ; | (സി) | 80,000 മെട്രിക് ടൺ |
| (ഡി) | കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്ത മാക്കുമോ? | (ഡി) | കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനു കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും കശുവണ്ടി വികസന കോർപ്പറേഷൻ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കാനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അടഞ്ഞു കിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിന് കൊല്ലം ജില്ലാ ലേബർ ഓഫീസർ നടത്തിയ അനുരഞ്ജന ചർച്ചകളിൽ 60 ഓളം ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുവാൻ ധാരണയായി. മാനേജ്മെന്റ് ഹാജരാകാത്ത 5 പരാതികൾ അഡ്ജുഡിക്കേഷന് റഫർ ചെയ്യുകയും, അനുരഞ്ജന ചർച്ചകളിൽ ഒത്തുതീർപ്പാകാത്ത 15 പരാതികൾ പ്രശ്നപരിഹാരത്തിനായി കൊല്ലം റീജിയണൽ ജോയിന്റ് കമ്മീഷണർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.<br>സർക്കാരിന്റെ നിരന്തര ഇടപെടലിനെ തുടർന്ന് 428 ലധികം ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ബഹു മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പ മന്ത്രിയും വിളിച്ചു ചേർത്ത യോഗത്തെത്തുടർന്ന് വരും മാസങ്ങളിൽ ചില സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുമെന്ന് സമ്മതിച്ചിട്ടുണ്ട്.<br>ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹിരിക്കുന്നതിനായി സർക്കാർ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ അടങ്ങിയ ഒരു എസ്.പി.വി. രൂപീകരിക്കാൻ തീരുമാനിക്കുകയും അങ്ങനെ രൂപീകരിക്കുന്ന എസ്.പി.വി.യോട് ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ചെറുകിട വ്യവസായികൾക്കെതിരെ ബാങ്കുകൾ ആരംഭിച്ചിട്ടുള്ള ജപ്തി നടപടികൾക്ക് പരിഹാരം കാണുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാർ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ